



# Babu Thattil CMI, Madurai

## പുഴുവിനെ പൂമ്പാറ്റയാക്കിയ മാന്ത്രികൻ



ചില ഓർമ്മകൾക്ക് മരണമില്ല. കാലം കഴിയുന്തോറും അത് ഗതകാലസ്മരണകളായി കൂടുതൽ തെളിമയോടെ മനോമുകുരത്തിൽ നിലകൊള്ളും. എന്റെ വൈദികപരിശീലന കാലഘട്ടത്തിൽ ഏറെ സ്വാധീനിച്ച വ്യക്തികളിൽ മുൻപന്തിയിൽ നിൽക്കുന്നത് ബഹുമാനപ്പെട്ട വിനീത് വടക്കേത്തലയച്ചനാണ് എന്ന് പറയുന്നതിൽ അഭിമാനമുണ്ട്. 1983: ഇന്ത്യയുടെ ക്രിക്കറ്റ് ചരിത്രം സ്വർണ്ണലിപികളിൽ എഴുതിവച്ച വർഷം. ആ വർഷമാണ് ബഹുമാനപ്പെട്ട വിനീതച്ചനെ ആദ്യമായി കാണുന്നത്. എൽതുരുത്ത് സെൻറ് ബർക്കുമാൻസ് മൈനർ സെമിനാരിയിൽ പ്രീഡിഗ്രി പഠനകാലം: ഒരു സായംസന്ധ്യയിൽ കളിയും കുളിയും കഴിഞ്ഞ് പഠനത്തിൽ എല്ലാവരും മുഴുകിയിരിക്കുമ്പോൾ റെക്ടർ ജോസ് പെല്ലിശ്ശേരിയച്ചൻ ഒരറിയിപ്പുമായി വന്നു: ബാംഗ്ലൂർധർമ്മാരാം കോളേജിലെ രണ്ട് പ്രധാനപ്പെട്ട പ്രൊഫസർമാർ നിങ്ങളെ കാണാൻ വരുന്നുണ്ട്; വേഗം തയ്യാറാകണം. ആ രണ്ട് പേരിൽ ഒരാൾ വിനീതച്ചനായിരുന്നു. അന്ന് അദ്ദേഹത്തെ പരിചയപ്പെടുത്തികൊണ്ട് റെക്ടറച്ചൻ പറയുകയുണ്ടായി, പേര് പോലെതന്നെ വിനീതനായ, നല്ല മനുഷ്യത്വമുള്ള വ്യക്തി.രണ്ട് PhDകൾക്ക് ഉടമയാണെങ്കിലും 'അഹം' എന്ന ഭാവമില്ലെന്നതാണ് ഏറ്റവും വലിയ നന്മ.

അതേ, അഹമെന്ന ഭാവമില്ലാത്ത, മനുഷ്യസ്വഭാവം തുളുമ്പുന്ന ഒരു സാക്ഷാൽ വിനീതഭാവൻ, മേരീദാസൻ, കാലത്തിന് അതീതമായ ചിന്തകളുള്ള താത്വികൻ, ദൈവവിശ്വാസമുള്ള ദൈവശാസ്ത്രജ്ഞൻ. പിന്നീട് 1986ൽ ഫിലോസഫി പഠനകാലം തുടങ്ങി അടുത്ത് പരിചയപ്പെടാൻ ഭാഗ്യമുണ്ടായി. രണ്ട് വർഷത്തിലധികം അദ്ദേഹത്തിന്റെ സെക്രട്ടറിയോ മുറിക്കാരനോ ഒക്കെയായി വളരെ അടുത്ത് ഇടപഴകാനും അദ്ദേഹത്തെ സേവിക്കാനും ഇടവന്നു. അത് ഗുരു-ശിഷ്യ ബന്ധത്തേക്കാൾ സുഹൃത് ബന്ധത്തിലേക്ക് വളർന്നു. അതുകൊണ്ടാകണം 1996ൽ എന്റെ പൗരോഹിത്യ സ്വീകരണത്തിനുശേഷം വിദ്യാവനത്തിൽ ഒരംഗമായി എന്നെ ലഭിക്കണമെന്ന് അദ്ദേഹം ഏറെ ആഗ്രഹിച്ചതും അതിനായി സമ്മർദ്ദം ചെലുത്തിയതും. എങ്കിലും വിധി മറ്റൊന്നായിരുന്നു. ആ സ്വപ്നം ദൈവം സാധിച്ച് തന്നത് 2019ൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിലായിരുന്നു. വൈകി വന്ന ഒരു മാറ്റമായിരുന്നെങ്കിലും അത് അദ്ദേഹത്തെ വളരെ അധികം സന്തോഷിപ്പിച്ചിരുന്നു. മണ്ണുത്തിയിലെ വിശ്രമ ജീവിതകാലത്ത് കാണാനിടവന്നപ്പോഴൊക്കെ ആ സന്തോഷം അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നിലെ എഴുത്തുകാരനെ (എന്നിലെ മാത്രമല്ല, മറ്റ് പലരിലേയും) പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേക താൽപര്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. പഠനകാലത്ത്തന്നെ പ്രസിദ്ധീകരിച്ച എന്റെ ആദ്യഗ്രന്ഥമായ 'ധ്യാനയോഗി'യുടെ (പോരൂക്കര തോമാ മല്പാന്റെ ജീവചരിത്രം) സാക്ഷാൽക്കാരത്തിന് വിനീതച്ചൻ പ്രകടിപ്പിച്ച താല്പര്യവും നല്കിയ പ്രോത്സാഹനവും ചെറുതല്ല. ഫിലോസഫി പഠന ഭാഗമായി എഴുതിയ thesis guide ചെയ്തതും അദ്ദേഹമായിരുന്നു.



2014ൽ പ്രസിദ്ധീകരിച്ച 'ഇരുളിനുമുണ്ട് കഥ പറയാൻ' എന്ന പുസ്തകത്തിൻെറ മാനുസ്ക്രിപ്റ്റ് വായിക്കാനിടവന്ന അദ്ദേഹം അതിൻെറ ശൈലി ഏറെ ഇഷ്ടപെട്ടതിനാൽ ഉടനെ തന്നെ അതിനുള്ള 'പ്രവേശിക' എഴുതികൊണ്ടാണ് അഭിനന്ദനങ്ങൾ അറിയിച്ചതും: അത് എന്നെ ഏറെ അത്ഭുതപ്പെടുത്തി. ഇങ്ങനെ എത്രയോ പ്രോത്സാഹനങ്ങൾ യാതൊരു പിശുക്കുമില്ലാതെ തന്നിരിക്കുന്നു!

ഇത് എൻെറ മാത്രം അനുഭവമായിരിക്കില്ലെന്ന് തീർച്ചയാണ്. പ്രോത്സാഹിപ്പിക്കപ്പെട്ടവരും വളർന്നവരും നിരവധിയാണ്. അവരിൽ സ്വന്തമായി ഒരു ജീവിതമുണ്ടായവരും ഉണ്ട്. മരിയഭക്തനായ വിനീതച്ചൻ സ്വർഗ്ഗത്തിൽ ദൈവമാതൃസന്നിധിയിലിരുന്ന് പ്രോത്സാഹനങ്ങളുടെ പനിനീർ പൂക്കൾ നമുക്കായി വർഷിക്കുമെന്നതിൽ സംശയമില്ല. സ്നേഹം നിറഞ്ഞ വിനീതച്ചാ, എന്നിലെ എഴുത്തുകാരനെ കണ്ടെത്തിയതിന്, വളർത്തിയതിന്, ഒരു പാട് സ്നേഹം തന്നതിന്, അറിവ് പകർന്നു തന്നതിന്... എല്ലാത്തിനും നന്ദി, വാക്കുകൾക്കതീതമായ നന്ദി.

## Lintesh Antony Vellapady CMI, Bharathamatha, Palakkad

### A Spiritual and Mystical Genius



To be authentic on spiritual and theological matters, it requires a genuine, soulful, and clear vision on life. It is said that people who have deep knowledge will be humble enough to depict themselves as they do not know anything. Being innocent in heart and mind, being strong in thought, being calm in situations, being prudent in deciding, and being pleasant to others are all the indicators of how a human should be humane.

The above adjectives match with Father Vineeth not only because he was intelligent, but also he was really humane. I was always surprised and inspired by the way he was. No matter what height he was placed among intellectuals and theologians, he was as simple as a fresher to know something new. The memories he left for us will always be cherished. The kind of freshness that he had in the 'evenings of his life' was the same as it was in his young days. He left, making us not leave him!